LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികതാരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനം

288(1273) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സിൽ ഹോക്കി ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, സിന്തറ്റിക് ട്രാക്ക് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത് ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, സ്വിമ്മിംഗ് പൂൾ, കോംപ്ലക്സ്, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നീ കായിക സൗകര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

289(1274) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സായ ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി